# ശ്രീധര വചനാമൃതം

## രണ്ടാം ഭാഗം

പ്രസാധകർ:-

**സാധുഗോപാല സമാജം**

കൃഷ്ണപുരം.

# ശ്രീധര വചനാമൃതം

രണ്ടാം ഭാഗം

Malayalam
ശ്രീധര വചനാമൃതം
രണ്ടാം ഭാഗം

Author
Sadhu Sreedharan Nair.

Published by
Sadhu Gopala Samajam
Krishnapuram, Kayamkulam. P. O.

Printed by
Sivas Printers
West Nada, Kottayam.

No. of Copies 501
Copy Right reserved

1985 ഒക്ടോബർ 28
1161 തുലാം 12.



സാധു ശ്രീധരൻ നായർ

# ഓം

ശ്രീധര വചനാമൃതം ഒന്നാം ഭാഗത്തിൽ ഞങ്ങൾ പറഞ്ഞിട്ടുള്ളതു പോലെ ഇതിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളും ശ്രീധരൻനായർ സ്വാമികൾ ഞങ്ങൾക്കുവേണ്ടി തയ്യാറാക്കി ചില സൽസംഗ വേദികളിൽ വച്ച് വിവരിച്ചു തന്നിട്ടുള്ളതാണ്.

അദ്ദേഹത്തിൻെറ പാടലുകളിൽപെട്ട ഏതാനും ഭാഗങ്ങൾ ഇതിൻെറയും ആദ്യഭാഗത്തു ചേർത്തിട്ടുണ്ട്. കൂടാതെ ചാർവാക സിദ്ധാന്തത്തിലെ സൂക്ഷ്മാംശങ്ങൾ ലളിതമായും സംക്ഷിപ്തമായും പ്രതിപാദിച്ചിട്ടുണ്ട്. ന്യായ, വേദാന്ത ദർശനങ്ങളെ സംബന്ധിച്ചും മററുള്ള ഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്ഥമായ കാഴ്ചപ്പാടോടുകൂടി വ്യക്തമായ രീതിയിൽ അവതരിപ്പിച്ചിട്ടുള്ള വിവരണങ്ങൾ ലളിതമെങ്കിലും വളരെ പ്രൗഢമാണ്. കൂടുതൽ വിവരണങ്ങൾ തുടർന്നും പ്രതീക്ഷിക്കാം. പൗർണ്ണമിയെ സംബന്ധിച്ചും പലരുടേയും അറിവിൽ പെട്ടിട്ടില്ലാത്ത പല പ്രത്യേകതകളും ഇതിൽ പറഞ്ഞിട്ടുണ്ട്.

ആത്മോൽക്കർഷം കാംക്ഷിക്കുന്ന ഏവർക്കും ഇതു പ്രയോജനത്തെ ചെയ്യുമെന്നുകരുതി പ്രസിദ്ധീകരിക്കുന്നു.

പ്രസാധകർ

സാധുഗോപാല സമാജം

കൃഷ്ണപുരം
28-10-85

# ഓം

## ശ്രീ ഗുരവേ നമ:

# ശ്രീധരദേശം

1. ഓം ബ്രഹ്മം ജ്യോതിസാം ജ്യോതിർ രൂപം
   മനന്തം സച്ചിദാനന്ദമേകം
   നിർവിഷയാഖ്യം നിരതിശയ ചൈതന്യം
   ആത്മരൂപേണ ഭാസം
   നിത്യം സത്യം വിമല മചലം ശാശ്വതാനന്ദ
   മാദ്യന്തഹീനം
   നിരാധാരം പ്രതിബോധ വിദിതം സർവാ
   ധാരരൂപേണ ഭാസം.

2. മോഹന മനോഹരം ബോധാമൃത രസം
   ശ്രീധരാനന്ദ മകരന്ദം
   സൃഷ്ടി വൈശിഷ്ട്യ മത്ഭുതചിദാത്മകം
   അദ്വൈത മാത്മൈക്യ ബോധം ശിവം
   ശാന്താനന്ദ പ്രബോധ മമൃത മജം ശാന്ത
   ഗംഭീരമാനന്ദ ദേശം
   സാധു ശ്രീധര കേളീ രംഗം കലാതീതം
   ഭാവാതീതം ആത്മനിലയം.

3. ഏകദേശം ആത്മദേശം ശ്രീധര വിലസിത
ദിവ്യ പ്രദേശം
ചിദാനന്ദം ആത്മാനന്ദം അതിശയ
നിർമ്മല ബോധ പ്രദേശം
ആത്മപ്രഭാകര ശോഭിത ദേശം
നിർമ്മല ബോധ ബോധരസം
അത്ഭുത അത്ഭുത ബോധാനന്ദം
ചിത് പ്രശോഭിത നിർമ്മല ദേശം

ഓം ശ്രീഗുരവേ നമഃ

## നിവേദ്യം

എവിടെ കളിപ്പൂ നീ എന്റെ ഉണ്ണീ
ആത്മബോധേ കളിക്കട്ടെയെന്റെ അമ്മേ
ആരുമില്ലാരുമില്ലാ ദേശത്തിൽ
ഏകാന്ത പഥികൻ പോൽ ഞാൻ കളിക്കാം.

അഗ്നിയിലർപ്പിത വിറകു കൊള്ളി
അഗ്നിയതായി ജ്വലിക്കും പോലെ
ആനന്ദ ബോധത്തിനർപ്പിതൻ ഞാൻ
ആനന്ദ ബോധമായ് തീർന്നു അമ്മേ.

നൃത്തങ്ങളും ചെയ്തു കളിക്കുമേ ഞാൻ
ആനന്ദ നൃത്തം ഞാൻ ചെയ്തിടുന്നു.
അമ്മയ്ക്കുമാനന്ദമർപ്പിപ്പൂ ഞാൻ
എന്നാലെ സാദ്ധ്യമതൊന്നു മാത്രം.

# ഓം

## ശ്രീ ഗണപതയേ നമഃ

## ശ്രീ ഗുരവേ നമഃ

ഓം ഗണനാഥാ — ആദിനാഥാ
ദൃശ്യകാരണാ — കരിപതിവദനാ
സുഷുപ്തി സമാനാ — കാരണ പൂരുഷാ
കല്ല്യാണ നിലയാ —വിഘ്നവിനാശനാ
ജഗദാദിനാഥാ — ആനന്ദമന്ദിരാ
വന്ദാമഹേവയം — വന്ദാമഹേവയം.

മൃദു മധുര ഭാഷിണീ
ദേവീ സരസ്വതീ
സരസിജനിവാസിനീ
ദേവീ മനോഹരേ

സഹസ്രദള വാസിനീ
ദേവീ മനോഹരേ
നിഖില ലോക സ്ഥിതേ
ദേവീ ജ്യോതിർ മയീ

ബോധനേത്രാത്മികേ
ബോധ പ്രകാശിനീ
ബോധ ബോധ പ്രിയേ
ആനന്ദ വാഹിനീ

സർവലോക പ്രിയേ
സർവദേവ പ്രിയേ
ശ്രുതിമധുര മനോജ്ഞ
ദേവീ സരസ്വതീ

വന്ദാമഹേ വയം
വന്ദാമഹേ വയം.

സങ്കല്പമെല്ലാംകടക്കാൻ കരു തന്ന
സങ്കടനാശനാ സാധുജനപ്രിയാ
സംസാര സാഗരം നീന്തിക്കടക്കുവാൻ
താങ്ങായിനിന്ന പിതാവേ മഹാത്മനേ
വന്ദാമഹേവയം—വന്ദാമഹേവയം.

സംസാര വൃക്ഷം കരിച്ചു പൊടിച്ചിട്ട്
സംസ്കാരമെല്ലാം വറുത്ത വിത്താക്കിന
മാതൃരൂപീ ലളിതാനന്ദ ഹൃദയിനീ
വന്ദാമഹേവയം—വന്ദാമഹേവയം

ആശസ്സുതിർ കാട്ടി ആദിനാഥൻ
ജഗദാനന്ദ വിഗ്രഹൻ താനെന്നതു കാട്ടി
വിജയമരുളിയ മോഹന തേജസേ
ശ്രീ ഗുരോ സച്ചിദാനന്ദ നിലയമേ
വന്ദാമഹേവയം—വന്ദാമഹേവയം

# ഓം

## ശ്രീ ഗുരവേ നമഃ

എന്തിനാണെന്നുണ്ണീ
ഇല്ലാത്ത ലോകത്തിൻ
പൊല്ലാപ്പു കണ്ടു
കരഞ്ഞിടുന്നു

നീ സൃഷ്ടി ചെയ്തില്ല
സൃഷ്ടിക്കപ്പെട്ടില്ലാ
പണ്ടു പണ്ടേയുള്ള
ഏക ബ്രഹ്മം

ഉണ്ടായിട്ടില്ലൊന്നും
ഉണ്ടാവാനില്ലൊന്നും
ഉള്ളതേകമാം
ബ്രഹ്മം മാത്രം

വേദിക്കും നീയുണ്ട്
മോദിക്കും നീയുണ്ട്
ഉള്ളവയെല്ലാമേ
എന്നു മുണ്ട്

സ്വപ്നമതിങ്കൽ നീ
കാടു കയറുന്നു
കടുവായെ കാണുന്നു
കാടും പുഴകളും
ചാടി ഓടീടുന്നു.

സ്വപ്നം കഴിയുമ്പോഴം
വീട്ടിലെ കട്ടിലിൽ
ഒന്നു മറിയാതു
റങ്ങീടുന്നു.

ആയപോലെന്നുണ്ണീ
നീ നിന്നെ കാണുമേ
ഖേദ മോദങ്ങൾക്ക
വകാശ മെങ്ങെടോ

ആത്മാവാം ശ്രീധരൻ
നിന്നുള്ളിലുള്ളപ്പോൾ
ഖേദിപ്പതെന്തിനാ
ണെന്റെ ഉണ്ണീ

ശോകം കളക നീ
ഖേദം മതി മതി
ധീരത പൂണ്ടങ്ങെ
ഴുന്നേൽക്കുക.

ശോകം മതി മതി
ഭാരതാ വദനത്തെ
മ്ലാനമതാക്കാതെ
ഴുന്നേല്ക്കൂ നീ

ഭാരത മാതാവേ
നിൻ, ഓമന മകൾക്കു
എന്തെന്നാൽ കാഴ്ചയായ്
വെക്കാനൊക്കും

ബോധത്തെ ലക്ഷണാൽ
കാട്ടുകയല്ലാതെ
ശ്രീധരൻ മറ്റെന്തോ
ന്നേകണം ഞാൻ

മററൊന്നു മില്ലാത്താൻ
ആത്മ പ്രിയനിവൻ
ഇല്ലാത്ത തേകുവാൻ
ശക്തനാമോ

കാട്ടാം ഞാനെന്നാത്മാ
കാട്ടാം ഞാനെന്നാത്മാ
ഏകാം ഞാനെൻ ബോധം
ഭാരതാംബേ.

ശോകം കളക നീ
ഭാരതാംബേ
ഖേദം മതി മതി
എൻെറ അമ്മേ.

ദേഹ മതാവില്ല
ദേഹിയു മല്ലിവൻ
ശോക മററുള്ളോരു
ആത്മാവിവൻ

ചേതന നാണിവൻ
ബോധ മായുള്ളവൻ
വെട്ടിത്തിളങ്ങുന്ന
ഹർഷ രൂപീ.

രൂപമിവനില്ല
നാമ മിവനില്ല
ദേശ കാലങ്ങളും
ബാധ്യമല്ല.

പണ്ടു മറഞ്ഞതും
കാലേ വരുവതും
മേലിൽ വരുവതു

മെല്ലാ മറിഞ്ഞങ്ങി
രിക്ക മാത്മാ

ചേതന നാണിവൻ
ചൈതന്യ നാണിവൻ
ജഡ ശക്തിയല്ലിവൻ
ബോധജ്യോതിസ്സിവൻ

കാന്തമതാകർഷിക്കും
ഇരുമ്പു കഷണത്തെ
കാന്തത്തിനു ബോധമില്ല
ഇരുമ്പിനു മങ്ങനെ തന്നെ

അതുപോൽ പ്രധാനം
കേറി ആത്മാവിൽ കളിക്കില്ല
ബോധ മാത്രയവൻ
ബോധം മാത്രമായുള്ളോൻ

നിശ്ചല പ്രതിബിംബം
ജലമതു ചലിക്കുമ്പോൾ
ചലിപ്പതായ് കണ്ടീടുമേ
ചലിപ്പതില്ലവനൊട്ടും

അചലനല്ലോ ഭവാൻ
ജലമതു കുലുക്കുമ്പോൾ
ആകാശ പ്രതിബിംബം
ചലിപ്പതായ് കണ്ടീടുമേ

കേന പ്രതിപാദിതം

വിവരം ഞാൻ പ്രതി
പാദിക്കാം ശ്രദ്ധിക്ക
മടിയാതെ

അഗ്നിതൻ ശക്തിയത്രേ
കത്തിയങ്ങെരിപ്പതും
ധൂളിയായ് നശിപ്പിപ്പതും
ദ്രവിപ്പിച്ച ദ്രവമാക്കലും

ബാഷ്പമാക്കി പറത്തലും
വായുവോ ബാഷ്പ രൂപി
പറത്തും സർവത്തേയും
ഇന്ദ്രൻ തൻ മിത്രവർഗ്ഗം

ഇവരെല്ലാം വിജയികരം
ദേവാസുര യുദ്ധമതിൽ
അതു കണ്ടു തെളിഞ്ഞങ്ങു
വിലസീ ദേവകളും.

ബ്രഹ്മത്തിൻ പിടി വിട്ടു
തന്നിൽ താൻ കേന്ദ്രമാക്കി
വിളയാടാൻ തുടങ്ങിനാൽ
ബ്രഹ്മബോധം പിൻ വലിഞ്ഞു

അഗ്നിസ്പന്ദിച്ച നിലയായി
വായുവുമങ്ങിനെ തന്നെ
എന്തിതെന്നറിവാനും
കഴിവില്ലാ മട്ടതായി

ബോധത്തിൻ പിൻവാങ്ങ-
ലാണെന്നെങ്ങനാണറിയുക.
ഇന്ദ്രനങ്ങിറങ്ങി നോക്കി
കാണുവാനില്ലയൊന്നും

ഈക്ഷണ ലോകത്തിലേ
ഇന്ദ്രനും നിലയുള്ളു.
ഇതാണു പൊരുളെന്നുണ്ണീ
ഇതിനെ ഞാൻ വിവരിക്കാം.

കാന്തക്കല്ലാകർഷംപോൽ
അഗ്നിക്കും ശക്തികളുണ്ടു്
വായുവും ശക്തനാണേ
അഗ്നിതന്നണു രേണവും

വായു തന്നണു രേണുവും
ബോധത്താലേ പ്രവർത്തിപ്പൂ
ബോധമതു പിൻ വലിഞ്ഞാൽ
ബോധമതു പിൻവാങ്ങിയാൽ
സ്തബ്ദമേ സ്തബ്ദം സ്തബ്ദം

ബോധ ജ്യോതിസ്സേ ബ്രഹ്മം
ആനന്ദ ബോധമേ ബ്രഹ്മം
നിത്യ സത്യമേ ബ്രഹ്മം
ഇങ്ങനെ സൂചിതം ബ്രഹ്മം
ഇങ്ങനെ ലക്ഷിതം ബ്രഹ്മം

ഇതാണു ഞാനെന്ന
റിവവനത്രേ ആത്മാ
ഇങ്ങനെ ആത്മാ
സൂചിത സൂചിത

—

**ഓം തത് സത്**

# ഓം

## ശ്രീ ഗുരവേ നമഃ

ഓലവാലെ എണ്ണതേച്ച
കണ്ണിലാകെ ഒലിച്ചപ്പോഠം
ആത്മനായി കരഞ്ഞീടും
ഉണ്ണിതന്നെ കുളിപ്പിച്ച്

വൃത്തിയാക്കി വെടിപ്പാക്കി
ചന്ദനപ്പൊട്ടതും തൊട്ട്
കിണ്ണിതൻ മുമ്പിലിരുത്തി
ഊട്ടിടും മാതാവു കാണ്മൂ

ഉരുളയത്തുണ്ണുമ്പോഴും
ഉറക്കമെത്തു വിടുന്നില്ലാ
ആനന്ദമതാസ്വദിപ്പൂ
ജാഗ്രമതിൽ വരുന്നില്ല.

അതുപോലെന്നെ യോഗമാതാവ്
എത്രമേൽ കഴകി ജാഗ്രത്തിലാ്
നയിച്ചാലും വരുവാൻ വിസമ്മ
തിച്ചു വരാതെയിരിക്കും പോലെ

ആസ്വദിച്ചാസ്വദിച്ചങ്ങടരാ
തിരിക്കമാകാന്തക്കല്ലായതിൽ
നിന്നു പറിച്ചു മാററുമിരുമ്പു
വീണ്ടും പാഞ്ഞങ്ങു ചെന്നുചേരുംപോൽ

പേരിമ്പ മനുഭവിച്ചങ്ങട
രാത്ത വിധമതേ ചൊല്ലാമത്ത
ശ്രദ്ധയാ ശ്രവിച്ചാനന്ദിച്ചാലും

*

അഖണ്ഡാകാര വൃത്തി
ആരംഭമതേവക്കം
അതിലങ്ങുരതനായ്
നിശ്ചല സ്വഭാവനായ്

ആനന്ദേ നോക്കും വൃത്തി
ആരംഭമതേവക്കം
അത്തരം കുഞ്ഞുങ്ങൾക്ക
ങ്ങേകുക വിജയത്തേ

അത്രതാൻ ഗുരുതൻ വാഞ്ച
അന്യഥാ ഒന്നില്ലെടോ

''സവ് ലക്ഷണയുക്തേന
ത്വയാ പ്രീതോഹിമൽ ഗുരു:
ഏവം കദാത്വച്ചിഷ്യേണ
ഭവിഷ്യമൃജ്ഞനാ സുതാ''

ഇങ്ങനങ്ങു പുലത്തുന്നു
ജ്ഞാനികൾ ശിഷ്യ വാത്സല്യം

കടക്കാം നമുക്കിനി
വേദാന്ത മഹാകാശേ
അത്യുഗ്ര വിഹായസ്സിൽ
കണ്ടെത്താം പൊരുളുകൾ

സഗുണ ലക്ഷണങ്ങൾ
നിർഗുണ നിർവിശേഷം
എന്നല്ല യരുളാകും
പൊരുളത്തും ബോധത്തിൻ

നിലയത്തും മഹസ്സിൻ
ഒളിമിന്നി വിളങ്ങും
അത്ഭുത ബോധമത്തും
ആശ്ചര്യം വരുമാറു
കണ്ടുകണ്ടാനന്ദിക്കാം.

സഗുണം വിവരിച്ചാൽ
അന്തമില്ലളവില്ലാ
എത്രമേൽ നോക്കിയാലും
അറുതിയങ്ങതിനില്ലാ
എന്തൊരു മഹാത്ഭുതം

സൂക്ഷ്മമാം ലക്ഷണത്തെ
എടുത്തു നോക്കാമെടോ
സത്തു ചിത്താനന്ദവും
എത്രമേൽ മനോഹരം

സഗുണം വിവരിക്കും
ഗ്രന്ഥങ്ങൾ കോടിയുണ്ടേ
എന്നിട്ടങ്ങാരും ചൊല്ലി
യില്ലതിന്നറുതിയേ.

ഈശ്വര വിലാസങ്ങൾ
ആരെടോ വർണ്ണിക്കുവാൻ

അപ്പഴോ വന്നു ചാടി
ലക്ഷണ ബ്രഹ്മമത്തും

അഖണ്ഡാകാര വൃത്തി
സാധിക്കും മഹാശയൻ
ആയതിലാനന്ദിപ്പു
മഗ്നനായ് നിലകൊൾവൂ

ജഡത്തെ പാർത്തുവെന്നാൽ
ചിത്തിനു വൈശിഷ്ട്യമോ
ജീവന് ചൈതന്യമോ
വല്ല ചൈതന്യ വിശേ
ഷമോ അഖണ്ഡ മഹാ
കാശേ കാണ്മാനുണ്ടോന്നു
നോക്കാം. ഉണ്ടുണ്ടു കാണ്മൂ
കാണുന്നൊരാളുണ്ടെന്ന്

''എത്തി എത്തി പാർപ്പവർക്ക്
എത്താതെ നില്ക്കുമവൻ''

കണ്ണു കാണില്ല കണ്ണിനെ
ദീപം പ്രകാശിക്കില്ല
ദീപത്തിൽ അതുപോലെ
തന്നേ കാണില്ല താനെടോ

മറ്റൊരുവനും കാണില്ല
പ്രത്യഗാത്മാവതാകയാൽ

കണ്ണാടി തന്നിൽ കാണും കുഞ്ഞിനെ
പിടിക്കുവാൻകുഞ്ഞുശ്രമിക്കുംപോൽ

മടങ്ങി പോരേണ്ടി വന്നു
ദേഹ മങ്ങവനില്ല.
പിടിപ്പതെങ്ങനെയോ
രൂപവും അവനില്ല.

കർമ്മവുമവനില്ലാ
പറ്റുതലില്ലായ്കയാൽ
ആകാശജന്തു തുല്യൻ
അന്തരാകാശ മതിൽ

തോന്നുന്ന ബോധരൂപൻ
സൂര്യന്നു രശ്മിപോലെ
ദീപത്തിന്നൊളിപോലെ
പ്രജ്ഞയാം പ്രഭയുണ്ടു്
ഉറ്റൊന്നു ശ്രമിച്ചീടാം.

ദേഹേ രണ്ടു പക്ഷിയിരി
ക്കുന്നെന്നു ശ്രുതിചൊൽവൂ
അതിലൊന്നു ഫലഭോഗി
മറ്റൊന്നു വിരാഗിയും

ഫലഭോഗി ജനിച്ചീടും
മരിച്ചീടും. വിരാഗിയോ
ആത്മ ഭോഗമുണ്ടു്
ആനന്ദം നുകരുമേ

വിരാഗിക്കൊന്നുമില്ല
ചെയ്യുവാൻ ഭോഗിയോ
ഭോഗം നിറുത്തണം
വിരാഗിയാകണം
ഭോഗിക്കേ ദേഹമുള്ള
വിരാഗി മുക്തനൊന്നും
ആഗ്രഹം കളയുക.
സങ്കല്പം നിറുത്തുക
ആത്മാവു മുക്തനത്രേ.

# ഓം

## ശ്രീ ഗുരവേ നമ:

വളരെ ലാഘവ ബുദ്ധിയോടെ വേദത്തെയോ വേദാന്തത്തെയോ ആഗമതന്ത്രങ്ങളേയോ പററിചിന്തിക്കരുതു്.

ചാർവാക സിദ്ധാന്തത്തിൽ പോലും ചിലഉദ്ദേശശുദ്ധി ഉണ്ടെന്നു കാണാൻ കഴിയും.

പഞ്ചഭൂതങ്ങൾക്കു പകരം അവർ നാലു ഭൂതങ്ങളാണു് അംഗീകരിച്ചിരിക്കുന്നതു്. ആകാശത്തെ അവർ അംഗീകരിക്കുന്നില്ല. മററവ നാലും പ്രത്യക്ഷങ്ങളും ആകാശം പ്രത്യക്ഷാനുഭവത്തിലില്ലാത്തതുമാകുന്നു. ഭൂമി പ്രത്യക്ഷത്തിൽ പെടും. ജലവും അതുപോലെ അഗ്നിയും, വായുവും, പക്ഷേ ആകാശത്തിൻെറ പ്രതീതി പ്രത്യക്ഷമല്ലെന്നാണു് വാദം.

ശബ്ദം ഭൂമിയിൽ കേൾക്കുന്നുണ്ടു്, ജലത്തിൽ കേൾക്കുന്നുണ്ടു്, അഗ്നിയിൽ കേൾക്കുന്നുണ്ടു്. അതുപോലെ വായുവിലും. ഈ ശബ്ദം ആകാശത്തിന്റേതെന്നു പറയണമെങ്കിൽ ആകാശമുണ്ടായിരിക്കണം. ആകാശമെന്നു മററുള്ളവർ കഥിക്കുന്നതു് കേവല ശൂന്യമാണു് അഥവാ സ്പേയ്സ്. ഇവിടെ ശബ്ദം ആകാശ ഗുണകമാണെന്നതു് ആകാശം ശൂന്യമല്ലെന്നതും അനുമാന പ്രമാണത്താലേ അംഗീകൃതമാകയുള്ളു. അതു് ചാർവാക സമ്മതമല്ല. അനുമാനത്തിൽ തെററു വരാം. പക്ഷേ ഒന്നു മറന്നുപോയി. പ്രത്യക്ഷത്തിൽ തെററു വന്നുകൂടയോ? മഞ്ഞപ്പിത്തക്കാരൻ കാണുന്നതെല്ലാം മഞ്ഞനിറത്തിലാണു്. അതു

പോലെ രണ്ടു ചന്ദ്രനെ കാണുന്നുമുണ്ടു്. ഇങ്ങനെ വരുന്നേരം അവിടെയും തെററു പററുന്നു. അതിനാൽ ഒന്നുകിൽ അനുമാനം അംഗീകരിക്കണം. അല്ലെങ്കിൽ പ്രത്യക്ഷവും വിട്ടു സ്തബ്ദനാകണം.

ഇങ്ങനെ ഹൈന്ദവ സിദ്ധാന്തത്തിലേക്കു പ്രവേശിച്ചാൽ ലോകത്തിൽ മറെറങ്ങും കണ്ടിട്ടില്ലാത്ത യുക്തിവാദവും ഖണ്ഡനമണ്ഡനങ്ങളും കാണാം. നിത്യപ്രയാസങ്ങൾ, ദുഃഖം, അസഹ്യത ലോകത്തിലെ നശ്വരത്, മരണം മുതലായ അനവധി കാര്യങ്ങൾ യുക്തിയുടെ സഹായം തേടുവാനുള്ള കാരണങ്ങളാണു്. ഇങ്ങനെ വ്യക്തിഗത യുക്തിവാദം ആരംഭമിട്ടു. ഒരുത്തൻ കൊണ്ടുവന്ന യുക്തിയെ മറെറാരുത്തൻ ഖണ്ഡിക്കുക. ഒടുവിൽ പ്രബല യുക്തിവാദി ജയിച്ചു് ആ വാദം നടപ്പിൽ വരുക, അല്ലെങ്കിൽ വരുത്തുക. ഇങ്ങനെയാണു് യുക്തിവാദത്തിൻെറ ഒരു വിഭാഗം. ഇവിടെ അല്പജ്ഞതവും അശാസ്ത്രീകതവും കടന്നുകൂടാം. എല്ലാ തത്വചിന്തയോളം തന്നെ പഴക്കം യുക്തിവാദത്തിനുമുണ്ടു്.

ദുഃഖങ്ങളെ തരണം ചെയ്യുക നശ്വരതയെ കടക്കുക മുതലായവണ് ഇതിൻെറ ലക്ഷണമാണു്. പ്രാമാണികരെന്നു പറഞ്ഞു് പ്രമാണങ്ങളെ വളച്ചൊടിച്ചും വാസ്തവ തത്വത്തെ ഹനിച്ചും യുക്ത്യാഭാസത്തെ നിരത്തി വെളിച്ചപ്പാടു തുള്ളുന്ന വിദ്രുതത്തിൻെറ നാരായവേരു തോണ്ടൽ നടത്താൻ ഇവർ സർവ്വദാ ഉന്മുഖരാണു്. ആകയാൽ ഇവർ ആദരണീയർ തന്നെയാണു്. അവക്കു തെററുന്നിടത്തു തിരുത്തുക മാത്രം മതി.

യുക്തിവാദം യുക്തിയുള്ളിടത്ത നിലനില്ക്കുന്നുള്ളു. മരുഭൂമിയിൽ കൃഷിയിറക്കുകയില്ലല്ലോ. യുക്തിവാദികൾ മറ്റൊരുമതത്തേയുംമെതിക്കുന്നില്ലെങ്കിലും ഹൈന്ദവ സിദ്ധാന്തത്തിൽ പെട്ട സനാതന, ബുദ്ധ,ജൈന സിദ്ധാന്തങ്ങളാണവരുടെ ശരവ്യം. കാരണം മററു മതങ്ങളിൽ യുക്തിയില്ല. അവരുടെ ഏകാവലംബം ദണ്ഡനമാണു്

അതിനാൽ ജയിച്ച് മതത്തെ നിലനിർത്തുകയാണവർ ചെയ്യുന്നത്. ഇതു് നവീന യുക്തിവാദികൾക്കും നൊമ്പലത്തെ നല്കും.

പകമാകുന്നതിനുമുമ്പുള്ള കായ്കളെപ്പോലെ രുചിപ്രദമല്ലെങ്കിലും ഇതും–യുക്തിവാദവും–വളരെയധികമാവശ്യ പ്രദമാണ്. ഇതിന്റെ അപകതത കടന്ന് ശാസ്ത്രീകരിച്ചതാണ് ഹൈന്ദവ തത്വ വിഭാഗം.

ഒരു വ്യക്തി ചെയ്യുന്ന തെററുകൾക്ക് ശിക്ഷ കിട്ടുന്നതു മനസ്സിലാക്കാം. പക്ഷേ ഒരു വ്യക്തി ചെയ്യുന്ന തെററുകൾക്ക് ഒരു സമൂഹം ശിക്ഷിക്കപ്പെടുന്നതും എന്നെന്നേയ്ക്കും ശിക്ഷിക്കപ്പെടുന്നതും ചില മതചിന്തകർ ന്യായീകരിച്ചു കാണുന്നു. ഇതിനെയൊക്കെയാണ് പൂർവ്വയുക്തിവാദികൾ ചിന്ത ചെയ്തിട്ടുള്ളതു്. അസഹ്യങ്ങളായ ദുഃഖങ്ങൾ, നിത്യതയില്ലായ്മ, സ്വാതന്ത്ര്യമില്ലായ്മ മുതലായ അത്യന്തം ഗഹനങ്ങളായ കാര്യങ്ങളെ അശാസ്ത്രീയങ്ങളും, അപ്രാപ്യങ്ങളുമായ തത്വാഭാസങ്ങളെ കൊണ്ടു് പുണ്ണിനെ വണ്ണക്കടലാസുകൊണ്ടു് മൂടി വച്ചുകളയാമെന്നു കരുതിയ മൂഢബുദ്ധിയെപോലെ പ്രവർത്തിക്കുമ്പോഴാണ്. മലവെള്ളത്തെ മരം വെട്ടിയിട്ട തടയുന്ന സമം, വലിയ കുലയനായെപോലേ യുക്തി ഇരച്ചുപറിച്ചു വളരുവാനുള്ള കാരണമെന്നേവരുമറിയണം. ഇതിന്റെ അത്യന്തശൃംഗത്തിലുള്ള ചില പ്രതിപാദ്യതയിലേക്കു നമുക്കു കടക്കാം.

ശ്രീരാമ ചന്ദ്രൻ സീതാവിരഹം സഹിക്കാഞ്ഞു് കാടുനീളെ നടന്നു കരഞ്ഞു് സഹികെട്ട് തപസു തുടങ്ങി. അപ്പോൾ ഗംഭീരാശയനായ അഗസ്ത്യ മഹർഷി പ്രത്യക്ഷീഭവിച്ചിട്ട് ശ്രീരാമചന്ദ്രനെ സമാശ്വസിപ്പിക്കുവാൻ തുടങ്ങി. ''അല്ലേയോ ശ്രീരാമചന്ദ്രാ! പഞ്ചഭൂതമയമായി ശരീരത്തിന്ന് അല്പമെങ്കിലു മറിവുണ്ടാകുക എപ്പോഴെങ്കിലും സംഭവിക്കുമോ? അതേ സമയം ഉള്ളും പുറവും നിറഞ്ഞു നില്ക്കുന്ന ആത്മാവു് ഒന്നിനോടും സംബന്ധമി

ല്ലാതെ നില്ക്കുകയല്ലയോ. ജനനമോ മരണമോ ആത്മാവിനുണ്ടോ. ദുഃഖ സുഖങ്ങളാത്മാവിനില്ലെന്നറിയുന്നില്ലയോ''. ഇത്യാദി ആത്മപ്രഭാഷണങ്ങളും കേട്ടു് സഹികെട്ടു് ശ്രീരാമൻ ചോദിച്ചു. അല്ലയോ മഹാത്മൻ സീതാവിയോഗം കൊണ്ടുണ്ടാകുന്ന വഹ്നി എന്നെ ദഹിപ്പിച്ചു കൊണ്ടിരിക്കുന്നു. ചൈതന്യ ശൂന്യമായിരിക്കുന്ന ജഡശരീരത്തിനു് എന്തു ഖേദമാണു്. ആത്മാവിനു് ദുഃഖമില്ലെന്നാകിൽ സർവ്വ സമയവും എന്നെ നീററിക്കൊണ്ടിരിക്കുന്ന ദുഃഖം ഒട്ടുപോലുമില്ലാത്തതാണെന്നു് എന്തു യുക്തികൾ സമർത്ഥിക്കുവാൻ കഴിയും. സുഖദുഃഖങ്ങളനുഭവിക്കുവാൻ ഭോക്താവൊരുത്തനില്ലെങ്കിൽ ഘടിക്കുമോ. ''ഈശ്വരന്റെ മായാ വിലാസമറിയുവാൻ മന്നിലൊരുവനുമില്ലെന്നറിക നീ'' എന്നു പറഞ്ഞാണു് രാമനെ വീണ്ടും ആശ്വസിപ്പിക്കുവാൻ തുടങ്ങുന്നതു്.

ഇതുപോലെ മറെറാരുദാഹരണമെടുക്കാം. അദ്വൈതാചാര്യനായ ശങ്കര ഭഗവൽ പാദരോ അല്ലെങ്കിൽ മറേറതെങ്കിലുമൊരദ്വൈതാചാര്യരോ നിരന്തരമുപയോഗിച്ചതായി പറയുന്ന 'യാമാസാമായ' എന്ന പ്രയോഗത്തെ പുരസ്കരിച്ചുള്ള ഐതിഹ്യവും അത്യന്തം ശ്രദ്ധേയമാണു്.—യാമാസാമായ —യാതൊന്നു് ഉള്ളതല്ലാത്തതോ അഥവാ യാതൊന്നു് ഉള്ളതായ ആത്മാവെന്നു പറയുവാൻ അരുതാത്തതോ അതിനെയാണു് മായയെന്നു പറയുന്നതു്.

ഒരിക്കൽ ഈ അദ്വൈതാചാര്യർ, ഈ ആത്മവാൻ ചില ശിഷ്യന്മാരുമൊത്തു് വിന്ധ്യാടവിയിൽസഞ്ചരിക്കുമ്പോൾ വെള്ളം കിട്ടാഞ്ഞു വലഞ്ഞു്, നടക്കുവാനോ എഴുനേല്ക്കുവാനോ കൂടി വയ്യാതെ അവശനായിക്കിടന്നിരുന്നു. ആവുന്ന ശിഷ്യഗണങ്ങളും വെള്ളം തേടിച്ചുററുകയായി. ആ സമയം ഒരമ്മ ഒരു പാത്രം നിറയെ പാലുമായി അതുവഴി വന്നു. അവശനായ ആചാര്യരെ കണ്ടു്—
''എന്താണാചാര്യരെ ഇത്ര അവശത?'' അവശനായ ആചാര്യർ പ്രതിവചിച്ചു. എനിക്കു് എഴുനേൽക്കുവാനോ

സംസാരിക്കുവാനോ ശക്തിപോരാ. ഈ വചനം കേട്ട് അത്ഭുത വശഗയെന്ന മട്ടിൽ ചോദിക്കയായി. "അല്ല! യാമാസാമായയെന്നു നിരന്തരം പറഞ്ഞുനടക്കുന്ന ആചാര്യരെ ശക്തിയെന്നൊന്നുണ്ടോ!" ജല്പനങ്ങൾക്കു മാപ്പു പറഞ്ഞ്, പാലുകുടിച്ച് നമസ്കരിച്ച് ക്ഷീണം പോക്കി രക്ഷപെട്ടു.

ഇതുപോലെ ശരിയെന്ന് പരക്കെ അറിയപ്പെടുന്ന പല ആശയങ്ങൾക്കും അല്പവികല്പം കൊണ്ട് വലിയ തെററു പററുന്നുണ്ട്. ആയതിനാൽ എന്നും യുക്തിവാദം നിലനില്ക്കണം.

ഇതുപോലെ യുക്തിയെ സഹായിക്കുന്ന പലകാര്യങ്ങളും ലോകത്തിൽ സംഭവിക്കുന്നുണ്ട്.

ഒരു വ്യക്തി ചെയ്യുന്ന തെററുകൾക്ക് ശിക്ഷകിട്ടുന്നതു മനസ്സിലാക്കാം. പക്ഷെ ഒരു വ്യക്തി ചെയ്യുന്ന തെററുകൾക്ക് ഒരു സമൂഹം ശിക്ഷിക്കപ്പെടുന്നതും എന്നെന്നേക്കും ശിക്ഷിക്കപ്പെടുന്നതും എവിടെ ന്യായീകരിക്കും.

സൂര്യനേക്കാൾ അനേകകോടിമടങ്ങു വലിപ്പമുള്ള കോടികോടി കണക്കിനുള്ള നക്ഷത്രങ്ങളേയും യഥാവിധി സഞ്ചരിപ്പിച്ചു നിയന്ത്രിക്കുന്ന ഈശ്വരൻ ഭൂമിയിലുള്ള കുറെ ആളുകൾക്ക് അദ്ദേഹത്തിൻെറ പ്രാതിനിധ്യം കൊടുത്തുവെന്നു പറയുന്നതെത്ര ചതിയാണ്, കള്ളമാണ്, അപഹാസ്യമാണ്. ഇവിടെയുള്ള ചിലവിഭാഗം പറയും അവർ പറയുന്നതെല്ലാം ശരിയും മററുള്ളതെല്ലാം തെററും വെറുക്കപ്പെട്ടതുമെന്ന്. അങ്ങനെ ഈശ്വരപ്രാതിനിധ്യം ചമയുന്നവരേയും കള്ളരേയും നീചരേയും നിസ്സങ്കോചമെതിക്കുവാൻ യുക്തിവാദിക്കല്ലാതെ മററാക്കാണുചങ്കുററം.

# ചാർവാകൻെറ ചില മർമ്മഭാഗം

ദുഃഖങ്ങളെ അതിജീവിക്കുന്നതിനുള്ള മാർഗ്ഗാന്വേഷണം അതിൻെറ ഒരു പ്രധാനഘടകമാണ്. എന്നാൽ ദുഃഖം തരണം ചെയ്യുന്നതിൽ അവർ കഴഞ്ഞുവെങ്കിലും ഈ വക വലിയ ദുഃഖങ്ങളെ ഇല്ലായ്മചെയ്യുന്നതിനുപകരം മൂടിവെക്കുന്ന ചിലതത്വവിഭാഗത്തെ ശരിക്കും അടിച്ചമർത്തുക യുക്തിവാദം ഭംഗിയായി ചെയ്തിട്ടുമുണ്ട്. ഈശ്വരലീലാവാദത്തെ ഭസ്മമാക്കുന്നതു യുക്തിവാദമാണ്. ഈശ്വരൻെറ ലീലക്ക് അന്യഥായുള്ളവൻ ക്രമാതീത ദുഃഖം സഹിച്ച് കണക്കുപറയേണ്ടിവരുന്നതും, ഈശ്വരകർമ്മങ്ങൾക്ക് പാപമില്ലാതെവരികയും, അതിൻെറ ഭവിഷ്യത്താൽ പിറന്നു വീണ മനുഷ്യൻ ചെയ്യുന്നതിനെല്ലാം ഘോരപാപവും ശിക്ഷയും അതൊടുങ്ങാതെകിടക്കുകയും ചെയ്യുന്നതിനെപറ്റി നിനച്ചുംനിനച്ചു മട്ടുസമാധാനംപറയുന്ന തത്വവിഭാഗത്തെ ദൂരെ കളഞ്ഞുകൊണ്ടുമാണ് യുക്തിവാദം ബലവത്തായി മുന്നേറുന്നതു്.

ഇതിൻെറ യുക്തിവിഭാഗം നിർദ്ദിഷ്ട രീതിയിൽ കൊണ്ടുവന്നിട്ടില്ലെങ്കിലും തത്വവിഭാഗം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതു് അല്പം അപഹാസ്യവും അശാസ്ത്രീകവുമാണ്.

മനുഷ്യൻ ചതുർവിധധാതു നിർമ്മിതം, അല്ലാതെ പഞ്ചഭൂതനിർമ്മിതമല്ല. മരണാവസരത്തിൽ അതാതുധാതുക്കൾ അതാതിൻെറ കൂട്ടത്തിൽ ലയിക്കുന്നു. ഭൂമി ഭൂമിയിലും, ജലം ജലത്തിലും വായു വായുവിലും, അഗ്നി അഗ്നിയിലും ലയിക്കുന്നു. ഈ ചതുർവിധ ധാതുക്കളുടെ ഗുണം മാത്രമാണിന്ദ്രിയങ്ങൾ അതും അദ്ദേശത്തുതന്നെ മറയുന്നു. ആരുതന്നെയായാലും അവൻ അതോടെ അവസാനിക്കുന്നു. അല്ലാതെ മറ്റൊരു തരത്തിലും നിലനില്ക്കുന്നില്ല. ഭോഗാനുഭവം മനുഷ്യധർമ്മമാണ്. പദാർത്ഥങ്ങൾ ചിന്തിക്കാൻ കഴിയും. പരലോകാദികളില്ല. മരണം സർവ്വനാശം

തന്നെയാണ്. ഈ ലോകമല്ലാതെ പരലോകമില്ലതന്നെ. പ്രത്യക്ഷം തന്നെ പ്രമാണം. പ്രത്യക്ഷത്തിലില്ലാത്തവ ഇല്ലാത്തവ തന്നെ. എന്തുകൊണ്ടെന്നാൽ അതനുഭവപ്പെടാത്തതു കൊണ്ടുതന്നെ അനുമാനം വാസ്തവമല്ല. എന്തുകൊണ്ടെന്നാൽ അതുചിലപ്പോൾ തെററും ചിലപ്പോൾ ശരിയുമാകാറുണ്ട്. അതുകൊണ്ട് അനുമാനം ശരിയാകണമെന്നില്ല. അന്യാനുഭവംഒരു പ്രമാണമല്ല. ഇന്ദ്രിയാനുഭവം തന്നെഅറിവ് പദാൎത്ഥങ്ങൾ തന്നെ സത്യവസ്തുക്കൾ ചതുർവിധപദാൎത്ഥം നാലും നിത്യമായവയാണ്. അറിവ് ബുദ്ധിയിവയെല്ലാം ധാതുക്കളുടെ ഒരു പരിവൎത്തനം തന്നെയാണ്. ഏതുധാതുവിൽ നിന്നുണ്ടായോ ആധാതുമാറുമ്പോൾഅവകളും ഇല്ലാതാകും. കാരണംനശിക്കുമ്പോൾ അതിൽ നിന്നുണ്ടാകുന്ന കാര്യങ്ങളും നശിക്കും. വെററയും, പാക്കും ചുണ്ണാമ്പും ചേരുമ്പോൾ ചുവപ്പുണ്ടാകും പോലെ ചതുർ വിധധാതുക്കൾ ചേരുമ്പോൾ അതിൽ നിന്നുംശരീരവും അതിൽ അറിവും ഉണ്ടാകുന്നു. ആത്മാശരീരത്തിൽ നിന്നുമന്യമല്ല. ആത്മാശരീരത്തിൽ നിന്നന്യമായി നിലനില്ക്കുന്നതായിട്ടൊരു തെളിവുമില്ലതന്നെ. ശരീരമില്ലാതെ ഒരാത്മാകാണപ്പെടുന്നുമില്ല. ബോധം ശരീരത്തോടനുബന്ധിച്ചേകാണപ്പെടുന്നുള്ളു. ചാൎവ്വാകരിൽ തന്നെ പല വിഭാഗക്കാരുണ്ട്. ഒരു കൂട്ടർ ശരീരവും ആത്മാവും ഒന്നുതന്നെയെന്നു വാദിക്കുന്നു. ചിലർ ഇന്ദ്രിയങ്ങളും ആത്മാവു ഒന്നെന്നു്. മറെറാരു കൂട്ടർ പ്രാണനും ആത്മാവും ഒന്നെന്നും വേറൊരു കൂട്ടർ മനസ്സും ആത്മാവും ഒന്നെന്നും വിശ്വസിക്കുന്നു. മതഭ്രാന്തു് ഒരുതരം മനോരോഗമാണ്. ലോകപാലനത്തിനൊരീശ്വരൻെറ ആവശ്യമേയില്ല. പ്രകൃതിനന്മകളും തിന്മകളും അശ്രദ്ധമായിനില്ക്കുന്നു. ദൈവത്തെ സാധുസംരക്ഷകനും ദുഷ്ടസംഹാരകനുമായി പ്രേരണകളും പുകഴ്ചലിനും വിധേയനായിട്ടാണ് കണക്കാക്കുന്നതു്. പ്രകൃതിയുടെ ഗുണം വളരെ നിന്ദ്യമാണ്. വ്യഭിചാരാദിദോഷങ്ങൾ അതിൻെറ സ്വഭാവമാണ്. ഈ ലോകത്തിലെങ്ങും ഒരിടവും തന്നെ ഉന്നത ജീവികളുടേതായി കാണ്മാനില്ല. ഈ ലോകത്തിലെ സംഭവങ്ങളോരോന്നോൎത്താൽ മഹത്തായ ഒരുപാലനത്തിൻെറ ഒരുലക്ഷ

ണവുമില്ലതന്നെ. ഇതെല്ലാമൊരമാനുഷശക്തിയുടെ പ്രകടനമാണെന്ന് ഒരുയുക്തിക്കും സാധൂകരിക്കുവാൻ സാദ്ധ്യമല്ല. പ്രകൃതി അതിൻെറ സ്വാതന്ത്ര്യനിലക്ക് ഓരോന്നു ചെയ്യുന്നു എന്നല്ലാതെ ഒരു ദൈവവും ഒന്നും ചെയ്യുന്നില്ല, ചെയ്യിക്കുന്നുമില്ല. മാനുഷികമൂല്യങ്ങളെഅവഗണിച്ചിട്ട് മനുഷ്യർ ഈ ലോകത്തിൻെറ മഹത്വത്തെ നശിപ്പിച്ച് മറെറാരു ലോകം അത്യന്ത സുന്ദരമുണ്ടെന്നു പറഞ്ഞു പ്രലോഭിപ്പിക്കുന്നു. എല്ലാം ദൈവത്തിനെ ഏല്പിച്ച്, പ്രാപ്തിയില്ലായ്മ ഭീരുത്വം സത്യാഭാസം പൗരുഷമില്ലായ്മ തുടങ്ങിയ ദുർഗ്ഗുണങ്ങളെ ക്രമത്തിലധികം വദ്ധിപ്പിക്കുന്നു. മരണമനിവാര്യമാണു്. അതു് എല്ലാംനശിപ്പിക്കും. സദ്ഗുണ സമ്പത്തി എന്നെല്ലാം പറയുന്നതു് വെറും സ്വപ്നസമാനം. ഇഹലോകഭോഗങ്ങൾസുഖമായനുഭവിക്കുക. ആനന്ദമേ വാസ്തവം, സത്യം. മോഹങ്ങളെ അടക്കേണ്ട ഒരു കാര്യവുമില്ല. അതു് പ്രകൃതിദത്തമാണു്. ഒരുത്തൻ മരിക്കുകയും മറെറാരു കൂട്ടർ മരണീയരായിട്ടിരുന്നു കൊട്ടുകയും ചെയ്യുന്നതു് കേവലം യുക്ത്യാഭാസമെന്നല്ലാതെ ഒരു തരത്തിലും ന്യായമല്ല. എല്ലാവരും ഒരു തരം പ്രകൃതിയാൽ നിമ്മിതമാണു്. ഇന്ദ്രിയ ഭോഗങ്ങൾ ദുഃഖഭൂയിഷ്ഠമെന്നുപറയുന്നതു് വിഡ്ഢിത്തമാണു്. ഉപയോഗമില്ലാത്ത ഉപദ്രവകാരിയായ ഉമിയുണ്ടെന്നു കരുതി അരി ആരും വേണ്ടെന്നു വെക്കുന്നില്ല. അങ്ങനെ ചെയ്താൽ അതു് യുക്തിയുമല്ല. വേദങ്ങൾ സത്യവിരുദ്ധവും, അന്യോന്യ വിരുദ്ധവും കൃത്രിമവുമാണു്. അവ ശരിയെന്നാക്കു പറയാം.

ബുദ്ധിയിൽ രതനല്ലെങ്കിൽ
പാഴിൽപോം കാലവൈഭവാൽ
യുക്തിയിൽ രതനല്ലെങ്കിൽ
വിപ്ലുതിയായ് ചമയുമേവനും.

# ഓം

കൗമാരത്തിളപ്പോടുകൂടി പ്രസരിക്കുന്ന ന്യായദർശനത്തിന്റെ, വിസ്താരം, വിശദീകരണം അഥവാ പ്രകാശനം ഏവക്കും അസാദ്ധ്യം തന്നെയാണ്. ചിലഭാഗങ്ങൾ കാണിച്ചും ചിലമർമ്മങ്ങൾ വിശദീകരിച്ചും നമുക്കു കടന്നുപോകാം.

ഒരു വൃക്ഷം കാട്ടി അതിനുപരി വിളങ്ങുന്ന ഒരു നക്ഷത്രംകാട്ടി, അതിനരികിൽ നിലകൊള്ളുന്ന ഒരു ചെറുനക്ഷത്രം കാട്ടിക്കൊടുത്ത് ഇതരുന്ധതി എന്നു മനസിലാക്കുംപോലെ ചില പ്രയോഗത്താൽ അറിവുകൾ നൽകാം.

ന്യായദർശനത്തിന്റെ ചില വിശാല വീക്ഷണങ്ങളെകാണിച്ച് വ്യാപ്തിയെ വെളിപ്പെടുത്തി അത്യന്തം അഗാധതയിൽ നിമഗ്ദമായികിടക്കുന്ന ബോധപ്പൊരുളുകളെ ജിജ്ഞാസുനേത്രങ്ങൾക്കു വിഷയീഭവിപ്പിക്കുകയാണീ ശ്രമം.

ഗുരുക്കന്മാർ തുണയ്ക്കട്ടെ.

ഓം

''പ്രാലേയാമലമിന്ദുകുന്ദധവളം
ഗോക്ഷീരഫേനപ്രഭം
ഭസ്മാഭ്യംഗമനംഗ ദേഹ ദഹന
ജ്വാലാ വലീലോചനം
വിഷ്ണുബ്രഹ്മമരുൽ ഗണാർച്ചിതപദം
ഋഗ്വേദ നാദോദയം
വന്ദേഹം സകളം കളങ്കരഹിതം
സ്ഥാണോർമുഖം പശ്ചിമം''

നിർമ്മല ശരച്ചന്ദ്രസമാനവും മഞ്ഞോററു നറുഞ്ഞു വിടർന്ന പിച്ചകപ്പൂ സമാനം വെളുത്തതും മുഴുവനും ഭസ്മലേപനം ചെയ്തിട്ടുള്ളതും കാമദേവനെ ദഹിപ്പിച്ച ജ്വാലാവലിയോടു കൂടിയ നയനത്തോടു കൂടിയവനും, വിഷ്ണു, ബ്രഹ്മാ, മരുത് ഗണങ്ങളിവരാൽ പൂജിക്കപ്പെടുന്ന പദമായും, ഋഗ്വേദ നാദോദയമായുമിരിക്കുന്ന, കലാപുഷ്ടമായ, കളങ്ക രഹിതമായ മഹേശ്വരൻെറ പടിഞ്ഞാറെ മുഖത്തെ ഞാൻ വന്ദിക്കുന്നു.

വേദത്തിൻെറ പത്തുവശങ്ങളെയും കീഴിനേയും മുകളിനേയും അവലോകനം ചെയ്ത് രക്ഷിച്ചുകൊണ്ടിരിക്കുന്ന മുഖങ്ങളിൽ ന്യായവീക്ഷണം ചെയ്യുന്ന മുഖത്തെ നമുക്കല്പം പഠിക്കാം. ന്യായത്തിനു് മര്യാദ, മാർഗ്ഗം, നിയമം, നീതി ഇങ്ങനെ നാനാർത്ഥങ്ങളുണ്ടെങ്കിലും യുക്തിയുക്തമായ വാദഗതി എന്നതു് ഏററവുമടുത്ത അർത്ഥമാണു്. കൂടുതൽ വിശദീകരണത്തിനു്

''സംപ്രധാരണാതു സമർത്ഥനം
അവവാദസ്തു നിർദ്ദേശോ
നിർദ്ദേശ: ശാസനഞ്ചസ:''

ഈ വരികളെ ആസ്പദമാക്കി നീങ്ങാം. യാതൊന്നാണോ നല്ലതെന്നു തീർച്ചപ്പെടുത്തപ്പെട്ടതു് അതു് ന്യായം അഥവാ യാതൊന്നിനെ ആലോചിച്ചു തീർച്ചപ്പെടുത്തിയോ അതു ന്യായം. ഒന്നിനെ ആസ്പദമാക്കി വ്യക്തമായി പറപ്പെട്ടതേതോ അതു് ന്യായം. ഇങ്ങനെ ന്യായശബ്ദത്തെ നമുക്കു വിശദീകരിക്കാം.

ജ്ഞാനാജ്ഞാനങ്ങളെ വിശകലനം ചെയ്തു് ശരിയായതിനെ സ്വീകരിക്കുകയും ബാക്കിയെ തള്ളുകയും ജ്ഞാനമാർഗ്ഗത്തിലുറച്ചുനില്ക്കുകയുമാണു് ന്യായം ചെയ്യുന്നതു്. പ്രമാണ, പ്രമേയ, സംശയപ്രയോജന, ദൃഷ്ടാന്ത, സിദ്ധാന്താ വയവ് തർക്ക,നിർണ്ണയ, വാദ, ജല്പ, വിതണ്ഡ

ഹേത്വാഭാസഛല, ജാതി, നിഗ്രഹസ്ഥാനാ, തത്വജ്ഞാനാന്നിശ്രേയ സാധിഗമ:

ഈതത്വങ്ങളുടെ അറിവുകൊണ്ടുതന്നെ മോക്ഷത്തെ പ്രാപിക്കുവാൻ സാധിക്കുന്നതാണു്.

പ്രത്യക്ഷാനുമാനോപമാന ശബ്ദ ഇവ നാലും, പ്രമാണങ്ങളാകുന്നു.

ഇതിൽ ചാർവാകരെപ്പോലെ പ്രത്യക്ഷത്തെയാണു് ഏററവും പ്രധാന പ്രമാണമായംഗീകരിച്ചിരിക്കുന്നതു്.

ഇതിൻെറ ന്യായാന്യായങ്ങളെ ഞാൻ കഴിവു് പോലെ കാട്ടിത്തരാം. ഒരു കുട്ടിയോടു് അവന്റെ മൂത്ത സഹോദരൻ വന്നു പറയുന്നു 'ദാ ആ പെരുംതെരുവിൽ ഒരൊററ മുലച്ചി എവിടെ നിന്നോ വന്നുനില്ക്കുന്നു.' കളവുപറയാത്ത തൻെറ സഹോദരൻ പറഞ്ഞ ശബ്ദം പ്രമാണം തന്നെയാണെങ്കിലും, ആ കുട്ടി തൻെറ കൂട്ടുകാരനോടു്, ചേട്ടൻ പറഞ്ഞു എന്നു പറയാതെ പറയാൻ മടിക്കുന്നു. എന്തുകൊണ്ടെന്നാൽ ജ്യേഷ്ഠൻ കള്ളം പറയുകയില്ലെങ്കിലും അതു കാണാതെ പറയാനറക്കുന്നു നേരിൽ കണ്ടു വെന്നാൽ കൂസലററു പറയും. ഇതു പോലെ ശബ്ദമെത്രസമ്മത പ്രമാണമായാലും പ്രത്യക്ഷതുല്ല്യമാകുന്നില്ല. സംശയം പൂർണ്ണമായി നിവർത്തിക്കുന്നില്ല. ഇനിയും ആഗ്രഹനിവൃത്തിഭാഗമെടുക്കാം. അതു് ഒട്ടും തന്നെ നിവൃത്തമാകുന്നില്ല. ജ്യേഷ്ഠനെത്ര വിവരിച്ചാലും നേരിൽ കാണുമ്പോഴുണ്ടാകുന്ന പ്രതീതി ഒട്ടും തന്നെഉണ്ടാകുന്നില്ല. ശബ്ദപ്രമാണത്താൽ പ്രത്യക്ഷത്തിനുള്ള ആവേശം വർദ്ധിക്കും. പ്രത്യക്ഷത്തോടെ അതടങ്ങും. ഇങ്ങനെ വളരെ ന്യൂനതകൾ ശബ്ദത്തിനും മററുമുണ്ടു്.

അനുമാനത്തിലേക്കുകടക്കാം. പ്രസിദ്ധ ഉദാഹരണമായ മലമേൽ പുകതന്നെയെടുക്കാം. മലമേൽ പുകകണ്ടാൽ തീയുണ്ടെന്നു നിശ്ചയം. ഇങ്ങനെ അനുമാനം പ്രമാണമാകാം. പക്ഷേ ചാർവാകനു് ഭിന്നാഭിപ്രായമുണ്ടു്

അതു് അതുംതെറ്റാമെന്നതാണു്. അതെങ്ങനെയെന്നു ഞാൻ കാണിക്കാം. മേഘാവൃതമലകണ്ടാൽ പുകയാൽ മറഞ്ഞമലയെന്നു് മഴക്കാലമല്ലെങ്കിൽ തോന്നാം. ഇവിടത്തെ കുഴപ്പം ശ്രദ്ധയാശ്രദ്ധിക്കുക. പ്രത്യക്ഷത്തിനു കുഴപ്പം വന്നാൽ അനുമാനം തെററും. പ്രത്യക്ഷമായികണ്ട പുക മഴക്കാററായപ്പോൾ തീയുണ്ടാകുകയില്ലല്ലോ.

അനുമാനമെന്നാലറിഞ്ഞതിൽനിന്നും അറിയാത്തതിലേക്കു കടക്കലാണു്. കാരണകാര്യബന്ധത്തിൽ കാരണം കൂടുതൽവ്യാപ്തവും കാര്യം വ്യാപ്തികുറഞ്ഞതുമെന്നാണു് പൂർവനയ്യായികധാരണ. എന്നാൽനവീനപടിഞ്ഞാറൻബോധബാധയേററ നയ്യായികർ കാര്യം വിപുലവും കാരണം വ്യാപ്തികുറഞ്ഞും കാണുന്നു എന്നു കരുതുന്നു. പക്ഷെ ഇതു് ഒട്ടും ശരിയല്ല തന്നെ, ബോധത്തോളം വ്യാപ്തി അതിന്റെ വിഷയത്തിനില്ല തന്നെ. കാരണത്തെ കവച്ചകാര്യമുണ്ടെങ്കിൽ അതിന്റെ കാരണം കാണാതവശേഷിക്കുകയാണു്. അല്ലെങ്കിൽ ഇല്ലായ്മയിൽ നിന്നു സൃഷ്ടിഉണ്ടാകും.

ഇതു വരെ നാം പ്രതിപാദിച്ചതു് പ്രത്യക്ഷത്തിന്റെ പിടിയിൽ നിന്നും രക്ഷപ്പെടാൻ കഴിയാത്ത ഒരനുമാനത്തെയാണു്.

എന്നാൽ പ്രത്യക്ഷത്തിനു കടന്നു ചെല്ലാൻ കഴിയാത്തതും ശാസ്ത്രം സമ്മതിക്കുന്നതുമായ ചില ശേഷി അനുമാനത്തിനുണ്ടു്. അതിനാൽ അനുമാനം പ്രമാണം തന്നെ —ആഹാരം കഴിച്ചാൽ വിശപ്പടങ്ങും. വിശപ്പു് ആഹാരാഭാവത്തിൽ നിന്നുമുണ്ടാകുന്ന ഒരുപ്രക്രിയയാണു്. വെള്ളം കുടിച്ചാൽ ദാഹം അടങ്ങും—ദാഹം ജലാഭാവത്താൽ ഉണ്ടാകുന്ന ഒരു പ്രക്രിയയാണു്. ഇവിടെ പ്രത്യക്ഷം പുറംതള്ളപ്പെട്ടിരിക്കുകയാണു്. അനുമാനംമാത്രം പ്രവർത്തിക്കുന്നു. മുമ്പു് ദാഹമുണ്ടായപ്പോൾ ജലം കുടിച്ചു. ദാഹം മാറി. അതുപോലെ ഇപ്പോഴും ജലപാനത്താൽ ദാഹം മാറും, തീർത്തുമനുമാനം. ഉള്ളിൽ ചെന്ന ആഹാരം ധാതുക്കളായിമാറി, ഉണ്ടായകുഴപ്പത്തെമാററുന്നു. ഇതു് ശരി

ക്കും അനുമാനമാണ്. പ്രമാണമായംഗീകരിച്ചില്ലെങ്കിൽ ആഹാരം കഴിക്കാതെവരും, മരിക്കും. ആഹാരം കഴിക്കാഞ്ഞാണു മരിക്കുന്നതെന്നതും അനുമാനമാണ് ആകയാൽ അനുമാനം ആദരണീയപ്രമാണം തന്നെ.

ഇനിയും ഉപമാനത്തിലേക്കുകടക്കാം. പശുവിനെപ്പോലെയിരിക്കുന്നു കാട്ടു പശു. കാട്ടുപശു പശുസാദൃശ്യമുള്ള ഒരുജന്തു. ഈ ഉപമയെ നമുക്കൊന്നു കണക്കിലെടുക്കാം. ഇതിനെനാംപ്രമാണമായെടുത്താൽ കാട്ടിൽപശുനിന്നാൽ കാട്ടുപശുവായി വിചാരിക്കയും നാട്ടിൽ കാട്ടുപശു വന്നാൽപശുവായവിചാരിക്കയും ചെയ്യും. അന്യഥാവരണമെങ്കിൽ അതിനു മറ്റൊരു പ്രമാണ സഹായം വേണം. അനുമാനമോ ലക്ഷണത്താൽ വെളിപ്പെടുത്തുന്ന പ്രത്യക്ഷമോ വേണ്ടിവരുന്നു. പോരെങ്കിൽ അന്യോന്യാശ്രയദോഷവും അതിവ്യാപ്തിദോഷവും ഇതിൽ വ്യാപിക്കും. അതുകൊണ്ട് നമുക്ക് മറെറാരു ഉപമയേകൊണ്ടു വന്ന് അതിനെ പരിശോധിക്കാം.

മലപുകഞ്ഞു മഴയായിവീഴ്കയോ
ഉണ്ണിനീറിനയനാംബുവീഴ്കയോ.

മലപുകഞ്ഞു എന്നുപമിച്ചിരിക്കുന്നത് മേഘാവൃതമെന്നർത്ഥത്തിലാണ്. മഴവീഴണമെങ്കിൽ മേഘമാണവിടെ അല്ലാതെ പുകയല്ല കാടിനു തീയിട്ടു പുകഞ്ഞല്ല മഴയുണ്ടാകുന്നതെന്നോവർക്കുമറിയാമല്ലോ. അപ്പോലെ തന്നെ ഉള്ളുനീറി അഥവാതപിച്ചിട്ട് അഥവാ ദുഃഖാവൃതമായിട്ട് നയനാംബു വീഴ്കയോ. ഇവിടെ നയനാംബുവിനെ മഴയോടുമുപമിച്ചു. ഇങ്ങനെ തന്മയത്വത്തിൽ നിന്നും തന്മയത്വത്തിലേക്കും അറിവിന്റെ ഉള്ളിലേക്കും കടത്തിവിടുന്ന ഉപമകൾ കിടക്കുന്നതുകൊണ്ട് ഉപമാനം പ്രമാണം തന്നെ അടുത്തതായി നമുക്ക് ശബ്ദപ്രമാണപഠനം നടത്താം

പ്രത്യക്ഷം വ്യാപ്തിയിൽ എത്രമുന്നേറിയിട്ടുണ്ടോ അതിലേറെ വ്യാപ്തിയിൽ ശബ്ദപ്രമാണം മുന്നേറിയിട്ടുണ്ട്.

ആ എന്നൊരു ശബ്ദമെടുത്താൽ അതിനു് താങ്ങുവാൻ വയ്യാത്തവിധം അർത്ഥത്തെ ശാസ്ത്രോചിതമായികുത്തിനിറച്ചു് അതു് സമ്മതമാക്കി നിറവുററപകപമാക്കി അനന്തമാക്കി മാററുന്നു. ഈ പ്രയോഗം സർവസമ്മതവുമാണു് അല്ലെന്നു വാദിക്കുന്നവനെ സ്തബ്ദനാക്കിയിരുത്തുക നിഷ്പ്രയാസമാണു്. ചാർവാകൻപോലും ഇതു സമ്മതിക്കുകയേയുള്ളു. ഇങ്ങനെ ശബ്ദപ്രമാണം അർത്ഥശാസ്ത്രത്തോടുകൂടി പലതരത്തിൽ കടന്നുകൂടി പരമ്പരയാനിന്നുവരുന്നു. ഒരുന്നതനും ഇതിനെ ഭേദിക്കാനാവില്ല. അതുകൊണ്ടുതന്നെയാണു് ചാർവാകൻ ശബ്ദപ്രമാണത്തിനു പകരം വേദപ്രമാണത്തെ നിഷേധിക്കുന്നതു്. എന്നാൽ നൈയ്യായികനാകട്ടെ ശബ്ദപ്രമാണത്തോടൊപ്പം വേദപ്രമാണത്തെയുമംഗീകരിക്കുന്നു. ഭാഷകളിൽ കൊടുത്തിരിക്കുന്ന വാക്കർത്ഥത്തെ എല്ലാവരും സമ്മതിക്കുന്നു. എന്നാൽ അതുവാക്യമാക്കുമ്പോഠം അതിലുമുപരിയായ അർത്ഥം കിട്ടും. അക്ഷരത്തിനും വാക്കിനും വാക്യത്തിനുമുള്ള അർത്ഥങ്ങഠം തമ്മിൽ ചില ഘടനകളുണ്ടു്. അതിൽ നമുക്കുകടക്കേണ്ട. എന്നാൽ ഇവ പ്രദാനം ചെയ്യുന്ന അറിവു് ചർച്ച്ചെയ്യുന്നതു് നന്നായിരിക്കും. വ്യത്ഥവിചാരം എന്നു കണക്കാക്കരുതു്. ആ എന്ന അക്ഷരത്തിനു് അനേക അർത്ഥങ്ങളുണ്ടു് മഴ എന്നു പറഞ്ഞാൽ ആകാശത്തു കോളുകൊണ്ടു് ജലം പൊഴിയുന്നതിനു മഴ എന്നു പറയും. ആ മഴ പെയ്തില്ലല്ലോ എന്നു പറഞ്ഞാൽ—ഒരു മഴ പെയ്യുമെന്നു പ്രതീക്ഷിച്ചിരുന്നുവെന്നും എന്നാൽ പ്രതീക്ഷകളെ എല്ലാം തകർത്തുകൊണ്ടു് അതു പെയ്യാതെ പോയി എന്നർത്ഥംവരുന്നു. ഇതെല്ലാതരത്തിലും ശരിയാണുതാനും. ഇങ്ങനെ ശബ്ദം അക്ഷരരൂപം പ്രാപിച്ചു്, വാക്കുരൂപമായി, വാക്യ രൂപമായി അർത്ഥരൂപമായി. എന്നു മാത്രമല്ലാ വ്യംഗ്യമായിട്ടുപോലും പല പൊരുളിനേയും കൈകര്യം ചെയ്യുന്നു. ഇതിൻെറ പേരിൽ ഭാഷകളായി വ്യാകരണമായി ഇങ്ങനെ ശാസ്ത്രങ്ങളും പടുത്തു

യർത്തിക്കഴിഞ്ഞു. ഇതിനെ പ്രമാണമായംഗീകരിക്കാൻ ആരാണു തയ്യാറാകാത്തതു്.

ഇനിയും നമുക്കു സാവധാനം മററു വശങ്ങളിലേക്കു കടക്കാം പ്രമാണ വിവരണം നിറുത്താം.

# ഓം

## ശ്രീ ഗുരവേ നമഃ

വേദാന്തത്തെപ്പററി ഞാൻ പഠിച്ചവിധം ഇവിടെ വിവരിക്കാം.

''ഓം പൂർണ്ണമദഃ പൂർണ്ണമിദം
പൂർണ്ണാത് പൂർണ്ണമുദച്യതേ
പൂർണ്ണസ്യ പൂർണ്ണമാദായ
പൂർണ്ണമേ വാവ ശിഷ്യതേ.''

അതു് അതു് എന്നു പറയപ്പെടുന്നവയും ഇതു് ഇതു് എന്നു പറയപ്പെടുന്നവയുമെല്ലാം പൂർണ്ണം തന്നെയാണു്. പൂർണ്ണത്തിൽനിന്നും പൂർണ്ണമുണ്ടാകുന്നു. പൂർണ്ണത്തിൽനിന്നും പൂർണ്ണമുണ്ടായാലും പൂർണ്ണം തന്നെ അവശേഷിക്കുന്നു. ഇവിടെ പൂർണ്ണത്തിൽനിന്നും അപൂർണ്ണമുണ്ടാകുന്നതായി പറയുന്നില്ല. പൂർണ്ണത്തിൽനിന്നും പൂർണ്ണമുണ്ടാകുമെന്നും പറയുന്നു. ജഡപദാർത്ഥത്തിനു് പൂർണ്ണതയുണ്ടെന്നു ശ്രുതി പറഞ്ഞാലും അതതിനു പ്രയോജനപ്പെടുന്നില്ല. അതിനു് വിശേഷ ബുദ്ധിയില്ല. ഐതരേയോപനിഷത്തിൽ ലോകപാലന സൃഷ്ടിയും കഴിഞ്ഞു്, ഗോ, അശ്വാദികളെയും കുററം പറഞ്ഞുതള്ളി, ഒടുവിൽ മനുഷ്യരൂപം കാട്ടിയപ്പോഴം ഇതു് തന്മയമായി ചെയ്തിട്ടുള്ളതും സുകൃതമെന്നു വിവരിക്കത്തക്കതുമാണെന്നു വിശേഷിപ്പിച്ചു് അതംഗീകരിക്കുന്നു. പൂർണ്ണത്തിൽനിന്നും പൂർണ്ണമായ പ്രപഞ്ചത്തെയല്ല. ഉദ്ദേശിക്കുന്നതു് ആത്മതുല്യ പൂർണ്ണനായ പുരുഷനാണു വിഷയം, ഇതിൻ പ്രകാരം മന്ത്രത്തെ ചെയ്തിരിക്കുന്നു.

''സ ഏതമേവ സീമാനം വിദാര്യൈതയാ
ദ്വാരാ പ്രാപദ്യത. സൈഷ വിദൃതിർന്നാമ
ദ്വാസ്തദേതന്നാന്ദനം. തസ്യത്രയ ആ
വസഥാസ്ത്രയ:സ്വപ്നാം. അയമാവസ
ഥോ/യമാവസഥോ അയമാവസഥാ
ഇതി.''

അവൻ (ആത്മാവ്) ശിരസിൻെറ അതിരിനെ പിളർന്നിട്ട് വിദൃതി എന്ന ആ ദ്വാരത്തിൽ കൂടി ശരീരത്തിൽ പ്രവേശിച്ചു. ആ അതു് ആനന്ദകരം തന്നെയാകുന്നു. ഇവിടെ മൂന്നു സ്വപ്നാവസ്ഥയുണ്ടു് ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി, ഇതു് വാസസ്ഥാനമെന്ന പ്രതീതിയും ഉദ്ദീപിക്കപ്പെടുന്നു.

''സ ജാതോ ഭൂതാന്യഭി വൈ ഖ്യത്. കിമിഹാന്യം വാവ ദിഷദിതി. സ ഏത മേവ
പുരുഷം ബ്രഹ്മ തതമമ പശ്യ ദിദമദർ
മിതീ''

ജാതനായ അവൻ ഭൂതപ്രാണികളെ തരം തിരിച്ചു വിശകലനം ചെയ്തുനോക്കിയതിൽ ആത്മാവല്ലാതെ സാരമായി മറെറന്താണുള്ളതെന്നു തോന്നി. അവൻ ഈ പുരുഷനെ തന്നെ സർവ്വവ്യാപിയായ ബ്രഹ്മമായിട്ടറിഞ്ഞു് ബ്രഹ്മത്തെ ആ ആത്മാവു് സാക്ഷാത്കരിച്ചു.

ഇങ്ങനെ പ്രതിപാദിച്ചിരിക്കുകൊണ്ടു് അങ്ങനെയുള്ള പ്രതിപാദ്യം അഥവാ പ്രമേയം ജഡപ്രപഞ്ചത്തെ ഉദ്ദേശിച്ചല്ല എന്നു് വ്യക്തം. അതു പ്രയോജനപ്പെടുന്നതു് ആത്മാവു തന്നെയായ പുരുഷനാണു്.

പലതായിട്ടെണ്ണപ്പെടുന്ന പലതായിട്ടറിയപ്പെടുന്ന ഈ മഹൽ പ്രതിഭാസം പലതല്ലെന്നും, അവ്യക്തനായിട്ട

റിയപ്പെടുന്ന ഇവൻ അഹമനുഭവ ഗോചരേണ വ്യക്തനാണെന്നും, അല്പനായി തോന്നുന്ന തൊന്നപ്പെടുന്ന ഇവൻ അപാരനാണെന്നും, നശിക്കുമെന്നു സംശയിക്കപ്പെടുന്ന ഇവൻ നാശരഹിതനെന്നും, അല്പപ്രജ്ഞനായി കാണപ്പെടുന്ന ഇവൻ പ്രജ്ഞാനം തന്നെയാണെന്നും നിറവുററ ബ്രഹ്മത്തിൽനിന്നും ഉണ്ടായതോ ഉള്ളതോആയ ഒരു തത്വവിശേഷമാണാത്മാ. ആ ആത്മാ എങ്ങനെയിരിക്കുന്നുവെന്നു് ലക്ഷണാൽ സൂചിപ്പിക്കുന്നതാണു് ഈ ഉപനിഷത് വാക്യം തന്നെയായ ഈ ശാന്തിമന്ത്രം.

പൂർണ്ണത്തിൽനിന്നും തിരിച്ചുകാണിക്കപ്പെടുന്നആത്മാവിനെ എടുത്തുമാററിയാലും പൂർണ്ണം തന്നെ അവശേഷിക്കുന്നു. ഇവിടെ പൂർണ്ണത്തിനു ഭ്രഷ്ടുപററിന്നില്ല എന്നു മാത്രല്ലാ വിവക്ഷ, പൂർണ്ണത്തിൽനിന്നു മുണ്ടായതായി കണക്കാക്കപ്പെടുന്നവ പൂർണ്ണം തന്നെയാകയാൽ അതിനും ഭ്രഷ്ടുപററിന്നില്ലെന്നും അതിനാൽ അതിൽപെടുന്നഎന്റെ ആത്മാവും പൂർണ്ണം തന്നെയെന്നാണു് സൂചന. അടുത്തുപറയുന്ന ഉപനിഷത് വാക്യം ഇതു തെളിയിക്കും.

''ഈശാവാസ്യമിദം സർവ്വം
യത്കിഞ്ചജഗത്യാം ജഗത്
തേനത്യക്തേന ഭുഞ്ജീഥാ:
മാഗൃധ: കസ്യ സ്വിദ്ധനം.''

തേനത്യക്തേനഭുഞ്ജീഥാ: എന്നതിനു് ത്യാഗത്താൽ ഭുജിക്കുക എന്നുതന്നെ അർത്ഥമെടുക്കണം. എന്തുകൊണ്ടെന്നാൽ ഭുജിക്കുക മുതലായതു് ആനന്ദത്തിനും ആയുസ്സിനുമായിട്ടാണു്. ആയുസ്സും ആനന്ദത്തിനാണുതാനും. അങ്ങനെ ആകയാൽ സർവ്വത്യാഗം കൊണ്ടുണ്ടാകുന്ന സംതൃപ്തിയുടേയും സന്തോഷത്തിന്റെയും ഒരംശംപോലും മറെറതു ഭോഗം കൊണ്ടുമുണ്ടാകുന്നതല്ല. അതെങ്ങനെയെന്നാൽ പ്രപഞ്ചമായതെല്ലാം ത്യജിച്ചു് പററുതലററുനിന്നാൽ ബാക്കി അവശേഷിക്കുന്നതു് ആത്മാമാത്രമാണു്. അതു്

ആനന്ദസ്വരൂപനും, നിത്യനും, മുക്തനും, ചിദാകാശവുമാണ്. അങ്ങനെയുള്ളവൻ അനുഭവിക്കുന്ന ആനന്ദത്തിന്റെ അംശംപോലും അന്യഥായുള്ളവന് അനുഭവിക്കുവാൻ പററുകയില്ല. സർവ്വത്യാഗിക്ക് ആത്മാനന്ദപ്രവാഹം തുടങ്ങിയാൽ അതൊട്ടവസാനിക്കുകയുമില്ല. അതിനുപകരം ഈശ്വരജന്യമായ പ്രപഞ്ചഭോഗങ്ങളെ അനുഭവിച്ചാൽ അതു് അന്യദത്തം ഭുജിക്കൽ മാത്രമല്ലാ അതല്പവുമാണ്. ഈശ്വരദത്തം ഭുജിക്കയും വേണം അതാവശ്യത്തിനു്, അതായതു് അനന്തമായിട്ടൊട്ടു ലഭ്യവുമല്ല. പിന്നെന്തിനാണ് അന്യധനം. ആത്മാനന്ദം തന്നെ ഭുജിച്ച് നിത്യാനന്ദ ഭോജനം നടത്തുക എന്നതാണ് ശ്രുതി ഉദ്ദേശിക്കുന്നതു്.

ഇതുപോലെ ഇതിലെ അതിമധുരങ്ങളായ കൊച്ചു കൊച്ചു മന്ത്രങ്ങളെ ഞാൻ എൻേറതായ മാർഗ്ഗത്തിൽക്കൂടി ആസ്വാദ്യമായിട്ടനുഭവിക്കുന്നു. അതു് ഏവരും സംഭവിക്കട്ടെ. എത്ര എത്ര മനസുണ്ടോ അത്ര അത്ര പ്രകാരാന്തരങ്ങളുമുണ്ട്. എത്ര എത്ര ബുദ്ധിയുണ്ടോ അത്ര അത്ര പ്രയാണാന്തരങ്ങളുമുണ്ട്. ഇതിലെ ഒററ മന്ത്രംപോലും അപ്രധാനമല്ലാ. വളരെ മനസ്സിരുത്തി പഠിക്കേണ്ടതാണ്.

ഇനിയും കേനത്തിലേക്കു കടക്കാം.

''യദ് വാചാനഭ്യുദിതം
യേന വാഗ്ഭ്യുദ്യതേ
തദേവ ബ്രഹ്മത്വം വിദ്ധി
നേദം യദിദ മുപാസതേ

യന്മനസാന മനുതേ
യേനാ ഹർമ്മനോ മതം
തദേവ ബ്രഹ്മത്വം വിദ്ധി
നേദം യദിദ മുപാസതേ

യച്ചക്ഷുഷാ ന പശ്യതി
യേന ചക്ഷുംഷി പശ്യതി
തദേവ ബ്രഹ്മത്വം വിദ്ധി
നേദം യദിദമുപാസതേ

യത് ശ്രോത്രേണ ന ശൃണോതി
യേനശ്രോത്രമിദം ശ്രുതം
തദേവ ബ്രഹ്മത്വം വിദ്ധി
നേദം യദിദമുപാസതേ

യത് പ്രാണേന പ്രാണിതി
യേനപ്രാണഃ പ്രണീയതേ
തദേവ ബ്രഹ്മത്വം വിദ്ധി
നേദം യദിദമുപാസതേ

1. യാതൊന്നും വചസാ വെളിപ്പെടുത്തപ്പെടാൻ സാദ്ധ്യമല്ലാത്തതായിരിക്കുന്നുവോ യാതൊന്നു വാക്കുകളെ അതിന്റെ പൊരുളുകളെ പ്രകാശിപ്പിക്കുവാൻ സമർത്ഥമാക്കുന്നുവോ അതിനെ ബ്രഹ്മമെന്നു നീ അറിഞ്ഞാലും. യാതൊന്ന് ഇതെന്ന ഉപാധി ഭേദത്തോടുകൂടി ഉപവസിക്കാറുണ്ടോ ആ ഇതു് ബ്രഹ്മമല്ല.

2. യാതൊന്നു മനസ്സുകൊണ്ടു മനനം ചെയ്യപ്പെടുവാൻ സാധ്യമല്ലയോ എന്നാൽ യാതൊന്നിനാൽ മനസ്സറിയപ്പെടുന്നുവോ അതിനെ ബ്രഹ്മമെന്നു നീ അറിഞ്ഞാലും, യാതൊന്നിനെ ഇതു് എന്നു കണ്ടുപാസിക്കുന്നുവോ അതു് ബ്രഹ്മമല്ല.

3. യാതൊന്നിനെ കണ്ണുകൊണ്ടു കാണുവാൻ കഴിയുന്നില്ലയോ, യാതൊന്നു് വിഷയങ്ങളെ കാണുവാൻ കണ്ണിനു കഴിവുനൽകുന്നുവോ അതു് ബ്രഹ്മമെന്നു നീ അറിഞ്ഞാലും.അല്ലാതെ ഇതെന്നു കണ്ടുപാസിക്കുന്ന ഒന്നും ബ്രഹ്മമല്ല.

4. യാതൊന്നിനെ ശ്രോത്രം കൊണ്ടു് കേശക്കാൻ കഴിയുന്നില്ലയോ. എന്നാൽ ചെവിക്കശ്രവണശക്തിനൽകുന്നതാരാണോ അതിനെ ബ്രഹ്മമെന്നു നീ അറിഞ്ഞാലും. അല്ലാതെ ഇതെന്നറിഞ്ഞുപാസിക്കുന്നതൊന്നും ബ്രഹ്മമല്ല.

5. യാതൊന്നിനെ പ്രാണനാൽ പ്രവൃത്തിപ്പിക്കപ്പെടുന്നില്ലയോ,യാതൊന്നു് പ്രാണനെപ്രവത്തിപ്പിക്കുന്നുവോ അതിനെ ബ്രഹ്മമെന്നു നീ അറിഞ്ഞാലും, അല്ലാതെ ഇതെന്നറിഞ്ഞുപാസിക്കപ്പെടുന്നതൊന്നും ബ്രഹ്മമല്ല.

ഇത്രയും കൊണ്ടു് ജ്ഞാനമാർഗ്ഗത്തെ സ്ഥായിയായി നിലനിറുത്തുകയാണു് കേനോപനിഷത്തു ചെയ്യുന്നതു്. അതുപോലെ തന്നെ ബ്രഹ്മത്തെ അറിഞ്ഞു എന്നു പറയുന്നവരെ പുശ്ചിക്കുമാറു് അതിൻെറ ആദേശത്തെ വെളിപ്പെടുത്തിയിട്ടു്

''പ്രതിബോധ വിദിതം ബ്രഹ്മ'' എന്ന തത്വത്തെ പുരസ്കരിച്ചു പറയുന്ന

''പ്രതിബോധ വിദിതം
മത മമൃതത്വം ഹിവിന്ദതേ
ആത്മനാ വിന്ദതേ വീര്യം
വിദ്യയാ വിന്ദതേ/മൃതം.''

ഇനിയും നമുക്കു കഠോപനിഷത്തിലേക്കു കടക്കാം.

ഇതിൻെറ ആദിയിൽ സാധാരണ ആശയം വളച്ചൊടിച്ചതായാണു് എനിക്കു തോന്നിപ്പോകുന്നതു്.

''പീതോദകം ജഗ്ദ്ധതൃണാ
ദുഗ്ദ്ധദോഹാ നിരിന്ദ്രിയാഃ
ആനന്ദാ നാമതേ ലോകാസ്താൻ
സഗച്ഛതി താദദത്.''

കൊടുത്ത വെള്ളം കുടിച്ചു കഴിഞ്ഞവയും, പുല്ലുതിന്നു തീ ന്നവയും, പാലുകറന്നു കഴിഞ്ഞതും ഇന്ദ്രിയങ്ങൾ പ്രവർത്തനോന്മുഖങ്ങളല്ലാത്ത വിധം വിശ്രമിക്കുന്ന പയ്യമായ പശുക്കളെ ദാനത്തിനു കൊണ്ടു പൊയ്ക്കൊണ്ടിരുന്നു. അല്ലാതെ അറപ്പുമാടുകളെയല്ലാ. പക്ഷെ ഇതു കണ്ടിട്ടും തൃപ്തനാകാത്ത ആ കൊച്ചുകുമാരൻ ഈവക കർമ്മങ്ങളുമെല്ലാം അന്ധകാരം നിറഞ്ഞ ലോകങ്ങളിലേ എത്തിക്കൂ എന്നറിയുകയാൽ അദ്ദേഹം തൻെറ പിതാ ഏററവും നല്ലതല്ല ചെയ്യുന്നതെന്നു കണ്ടിട്ട സർവ്വത്തേയും ദാനം ചെയ്യേണ്ട ആ വിശ്വജിത് യാഗത്തിൽ തന്നെ ആർക്കാണുകൊടുക്കുന്നതെന്നു ചോദിച്ചു, പലതവണ. കൂടെ കൂടെ ചോദിച്ചതിനെ കേട്ടിട്ട് തന്നെ മൃത്യുവെന്ന ആൾക്ക് എന്നുമറുപടി പറഞ്ഞു. പിന്നെയുള്ള കഥ നിറുത്തിയിട്ടു കുട്ടി മൃത്യുപുരത്ത് മൃത്യുവിനെ കാത്തു നില്ക്കുന്നതായിട്ടാണ് ഉപനിഷത്ത് തുടരുന്നത്.

തൻെറ പിതാവിനു് തന്നോട് വിദ്വേഷമുണ്ടാകരുതെന്നും വിദ്യാഭ്യാസം കഴിഞ്ഞു ചെല്ലുമ്പോൾ തന്നെ വേണ്ടപോലെ അറിയുകയും വേണമെന്നു വരം വാങ്ങുന്നതുണ്ടി തൻെറ പിതാവിനെ മഹാപാപത്തിൽനിന്നും മോചിപ്പിക്കണമെന്നും വരം വാങ്ങാമായിരുന്നു. അങ്ങനെ സർവ്വം ദാനം ചെയ്യുന്ന യാഗത്തിൽ പുത്രനേയുമുൾപ്പെടുത്തി അതു സർവ്വത്യാഗമാക്കി മാററിയ പുത്രൻെറ തന്തക്ക പറയുന്നതസഹ്യമാകകൊണ്ടിത്രയും പറഞ്ഞുപോയതാണ്,

''അസൂര്യാ നാമതേ ലോകാ
അന്ധേന തമസാ വൃതാ:
താംസ്തേ പ്രേത്യാഭിഗച്ഛന്തി
യേകേചാത്മഹനോ ജനാ:''

മനുഷ്യനായി ജനിച്ചിട്ടും ആത്മസാക്ഷാത്ക്കാരത്തിനു വേണ്ടി പ്രവർത്തിക്കാതെ മരണാനന്തരം ആസൂരികളായ അജ്ഞാന ലോകത്തെ പ്രാപിക്കുന്നു.

''അന്ധം തമഃ പ്രവിശന്തി
യേ/വിദ്യാമുപാസതേ
തതോ ഭൂയ ഇവതേതമോ
യഉ വിദ്യായാം രതഃ''

അവിദ്യാപരമായ കർമ്മത്തെ ഉപാസിക്കുന്നവർ അന്ധകാരം നിറഞ്ഞ ലോകത്തെ പ്രാപിക്കുന്നു. യാതൊരുവരാണോ വിദ്യയെ പ്രാപിച്ച് ഉപാസകരായി തീരുന്നത് അവർ മുൻപറഞ്ഞ തമോലോകത്തെക്കാളും കടുത്തതമസിനെ പ്രാപിക്കുന്നു.

ഈ അധഃപതനം തന്റെ പിതാവിനുണ്ടാകാതിരിക്കാൻ വേണ്ടി കരുതിക്കൂട്ടിയാണ് ആത്മാന്വേഷിയായ ഉത്തമാധികാരി ശ്രീ നചികേതസ് തന്നേക്കൂടി ദാനം ചെയ്യണമെന്നപേക്ഷിച്ചത്.

ഇപ്രകാരമുള്ള സർവ്വത്യാഗത്താൽ താൻ മാത്രം അവശേഷിക്കുന്ന ഉശൻ ''തേനത്യക്തേനഭുഞ്ജീഥാ'' എന്ന ന്യായത്താൽ മോക്ഷാർഹനാകട്ടെ എന്നു കരുതി ആ കുമാരൻ അപ്രകാരം ചെയ്യിച്ചു.

ഇനിയും ഇതിലേ ബ്രഹ്മസാക്ഷാത്ക്കാര വിവരണങ്ങളെ നമുക്കെല്ലാം സ്മരിക്കാം.

ഓം

''ഏതദ്ധ്യേവാക്ഷരം ബ്രഹ്മ
ഏതദ്ധ്യേവാക്ഷരം പരം
ഏതദ്ധേവാക്ഷരം ജ്ഞാത്വാ
യോയദിച്ഛതിതസ്യതത്''

''ഏതദാലംബനം ശ്രേഷ്ഠ
മേതദാലംബനം പരം

ഏതദാലംബനം ജ്ഞാത്വാ
ബ്രഹ്മലോകേ മഹീയതേ"

''ന ജായതേ മ്രിയതേ വാപി പശ്ചി
ന്നായം കുതശ്ചിന്ന ബഭൂവകശ്ചിത്
അജോനിത്യ: ശാശ്വതോയം പുരാണോ
നഹന്യതേഹന്യമാനേ ശരീരേ"

ഇതിലെ ആദ്യമന്ത്രം ഓമിനെ അഥവാ പ്രണവത്തെ അധീകരിച്ചുള്ളതായും തനി ബ്രഹ്മ വിവരണമായിട്ടും കാണാം. പഞ്ചഭൂത നിർമ്മിതമാണ് പ്രപഞ്ചം. ഇതു് പ്രളയ കാലത്തു്, ഭൂമി ജലത്തിലും, ജലം അഗ്നിയിലും, അഗ്നി വായുവിലും, വായു ആകാശത്തിലും ലയിക്കുന്നു. ആകാശമാകട്ടെ ശബ്ദത്തിലാണു് ലയിക്കുന്നതു്. അങ്ങനെ അറിയപ്പെടുന്ന ആ ശബ്ദം വാ തുറന്നു പ്രയോഗിക്കുന്ന അകാര ശബ്ദത്തിൽ തുടങ്ങി, വാ പൂർണ്ണമായടച്ച് ഉച്ചരിക്കുന്ന മ്കാരത്തിൽ കലാശിക്കുന്നു. അങ്ങനെ സർവ ശബ്ദങ്ങളേയും ഉൾക്കൊണ്ടിട്ടു്, പരാ, പശ്യന്തീ വൈഘരിത്യാദി നാദങ്ങൾക്കു് വിളനിലമായി നില്ക്കുന്നു. മറ്റൊരുതരത്തിലും ഇതിനെ, ശബ്ദത്തെ അറിയേണ്ടതുണ്ടു്.

''അവ്യക്തനെന്നു വിഘ്യാതൻ
ശാശ്വതാക്ഷയനവ്യയൻ
അവൻ സൃഷ്ടിച്ച ഭൂതങ്ങൾ
ജനിച്ചീടും മരിച്ചീടും.

അദ്ദേവനാദ്യം സൃഷ്ടിച്ചു
മഹത്തെന്നോതുമൊന്നിനെ
ആ ശബ്ദത്തിൻെറ വിസ്താരം
ചൊല്ലാം പലവിധത്തിലായ്"

''ഷഡ്ജഋഷഭങ്ങൾ—ഗാന്ധാരം
മധ്യമം—ധൈവതം—പരം
പഞ്ചമം—താനുമറിക
നിഷാദവു—മതേവിധം
ഏവമേഴുവിധം ചൊൽവൂ
ഗുണമാകാശ സംഭവം''

ഇങ്ങനെ ശബ്ദമാത്രകളായിതീർന്ന പ്രപഞ്ചമഖിലവും സർവ്വശബ്ദങ്ങളിലായി ലയിക്കുന്നു. സർവ്വശബ്ദങ്ങളും സർവ്വശബ്ദങ്ങളും ഉൾകൊള്ളുന്ന ഓംമിൽ അടങ്ങുന്നു എന്ന വിതർക്കിതമാണ്. അപ്പോൾ ഓം അഥവാ പ്രണവം അഥവാ ശബ്ദം ഒരു വശം കൊണ്ടു പ്രപഞ്ചത്തെ ഉൾകൊള്ളുന്നു. ഇനിയും മറുവശം പരിശോധിക്കാം.

''ശബ്ദഗുണകമാകാശം
നിശബ്ദം ബ്രഹ്മമുച്യതേ''

വെള്ളം കട്ടിയാകുമ്പോൾ അവ ഘനീഭവിച്ച് മഞ്ഞുകട്ടിയായ് ഭവിക്കുന്നു. അപ്പോൾ വെള്ളമില്ലാതായി മഞ്ഞുകട്ടി അവശേഷിക്കും. അതുപൊലെ ആവിയാകുമ്പോഴും ജലം നശിച്ച് ആവീഭാഗം എടുക്കുന്നു. ഇതുപോലെ പ്രപഞ്ചവഞ്ചീകരണം നശിച്ച് പഞ്ചഭൂതങ്ങളാകുന്നു. അതും പരിണമിച്ച് ശബ്ദതന്മാത്രകളാകുന്നു. എവിടെ ശബ്ദം നിലയ്ക്കുന്നുവോ അവിടെ ബ്രഹ്മം തെളിയുന്നു. അങ്ങനെ ജലാഭാവേ ആവികാണും പോലെ പ്രപഞ്ചഭാവേ ശബ്ദബ്രഹ്മവും ശബ്ദഭാവേ ബ്രഹ്മവും ബോധാനന്ദാൽ ലക്ഷിതമാകുന്നു.

രണ്ടാമത്തെ ശ്ലോകത്തിലേക്കു കടക്കാം. ഈ ഓംകാരം മുൻപറഞ്ഞകാരണങ്ങളാൽ സഗുണലക്ഷണബ്രഹ്മങ്ങളേയും പ്രാപിപ്പാൻ പററിയതാണെന്നു തീർച്ചതന്നെ. മൂന്നാമതായി പറയുന്നതു് ഇതു ആത്മാവു് ജനിക്കു

ന്നില്ല, മരിക്കുന്നില്ല, കാരണം ഇതു് മറ്റൊന്നിൽ നിന്നു മുണ്ടായതല്ല. ഇതിൽ നിന്നും മറ്റൊന്നുണ്ടാകയുമില്ല. ഉല്പത്തിനാശങ്ങളിതിനില്ല, ക്ഷയവദ്ധനവില്ലാത്തവനും എന്നും ഒരുപോലെ നവീനനായിരിക്കുന്നവനുമാകുന്നു. ആകയാൽ ദേഹനാശത്തിൽ നശിക്കാതെ നിൽക്കുന്നു.

(തുടരും)

★

# ഓം

## പൗർണ്ണമി

ലോകത്തിലെ ഏററവും പ്രധാനപ്പെട്ട ദിവസങ്ങളിലൊന്നാണ് പൗർണ്ണമി ദിവസം. സൂര്യചന്ദ്രന്മാർക്ക് ശക്തിയുണ്ടെന്നും, അവരുടെ സഹായം ജീവജാലങ്ങൾക്കാവശ്യമുണ്ടെന്നും ഉള്ളതിന് അനവധി തെളിവുകൾ ഉണ്ടല്ലോ അതിൽ നിങ്ങളുടെ അറിവിൽ പെട്ടിട്ടില്ലാത്ത ചില വിശേഷം പൗർണ്ണമിയെ സംബന്ധിച്ചത് ഞാനിവിടെ വ്യക്തമാക്കാം.

താമര വിരിയുന്നത് പകലാണ്. രാവിലെസൂര്യോദയം കാംക്ഷിച്ച് എന്നപോലെ നിഷ്ക്കർഷയോടെ അതു വിടരുന്നു. അതുപോലെ ആമ്പൽ വിടരുന്നത് രാത്രിയിലാണ്. ചന്ദ്രകാന്തിയാണ് അതിന്റെ ആവശ്യം. അതുപോലെ വൃക്ഷ ലതകൾപോലും വിലസുകയും കൂമ്പുകയും ചെയ്യുന്നതിതിലൊന്നിനെ അവലംബിച്ചാണ്. ഇങ്ങനെ വിലസുകയും കൂമ്പുകയും ചെയ്യുന്നതിന്റെ കാരകത്വം രണ്ടിനുമുണ്ടെങ്കിലും ഓരോന്നിനും ഓരോന്നിലായാണു കാണുന്നത്.

എന്നാൽ ബോധോദയം പ്രതീക്ഷിക്കുന്ന മനുഷ്യഹൃദയത്തിന് താങ്ങായി നില്ക്കുന്നതു രണ്ടുപേരുമാണ്. അതുകൊണ്ടിവരണ്ടു് സന്ധ്യയാണ് പ്രധാനം. ഇവിടെ പുറമേയുള്ള സൂര്യചന്ദ്രന്മാർക്ക് പുറമേ ആന്തരിക സൂര്യചന്ദ്രന്മാരുമുണ്ട്. അവർ വളരെ പ്രധാനന്മാരുമാണ്. ഇതിനെ സാധാരണ രീതിയിൽ ഞാനല്പം വിവരിക്കാം. സൂര്യൻ എന്നും പൂർണ്ണനാണ് പ്രകാശമതിയാണ്. ചന്ദ്രനാ

കട്ടെ അമാവാസി ദിവസം അതായത്തു് സൂര്യനോടുകൂടി നില്ക്കുന്ന ദിവസം ഒരു കലയുമില്ലാതെ നിൽക്കുകയും പിറേറദിവസം മുതൽ അല്പാല്പം വികസിച്ചു് പ്രകാശവാനായിക്കൊണ്ടരിക്കുകയും പൗർണ്ണമിയിൽപൂർണ്ണ വികസിതനാകയും ചെയ്യുന്നു.

വേദത്തിൽ പറയുന്ന സോമച്ചെടിയേ ശ്രദ്ധിക്കുക. അതിന്റെ നീരു പലയാഗങ്ങൾക്കും ഉപയോഗിച്ചു വരുന്നു. ഈ ചെടി സൂര്യപ്രകാശം ദിവസേന ഏല്ക്കുന്നുണ്ടു്. അമാവാസിദിവസം തണ്ടുമാത്രമായി നില്ക്കുന്ന ഈചെടി, പ്രഥമയ്ക്കു ഒരിലയും, ദ്വിതീയക്കു് രണ്ടിലയും അങ്ങനെ പൗർണ്ണമിവരെ ഓരോ ഇലകൾ ഉണ്ടാകുകയും കറുത്ത പക്ഷം തുടങ്ങിയാൽ ഓരോ ഇലകൾ വാടുകയും ചെയ്യുന്നു. അമാവാസിയാകുമ്പോൾ പഴയ പടിയാകും. അതുപോലെ മനുഷ്യഹൃദയപത്മങ്ങളിലും ഇതിനു പ്രവേശമുണ്ടു്. ഹൃദയപത്മം സർവ്വകലകളേയും സ്വീകരിക്കുമാറു് പരിപൂതമായി, ആനന്ദവാഹിനിയായി ഏതുതരം ബോധമാണോ തന്നിലർപ്പിതമാകുന്നതെന്നു, ഉന്നത വാഞ്ചയോടെ കാത്തിരിക്കുമ്പോൾ. നാമേകുന്നതു് ഉപാസനാശയമായാലും, ഭക്തിയായാലും, യോഗമായാലും ജ്ഞാനമായാലും അതു് ഫലവത്താകുമാറു് സ്വീകരിക്കുന്നു. ഇങ്ങനെയുള്ള പൗർണ്ണമിദിവസം മുമ്പു് ആചാര്യന്മാർ ശിഷ്യഹൃദയപത്മങ്ങളിൽ ഉപദേശമർപ്പിച്ചും മററു ലൗകികാചാര്യന്മാർ ഗഹനമായ കാര്യങ്ങൾ പറഞ്ഞുകൊടുത്തും വിരാചിച്ചിരുന്നു. പുറമേ ഇഡ പിംഗല സുഷുമ്ന ഇവകളെ ചന്ദ്ര, സൂര്യ, അഗ്നികളായി വിവരിച്ചുള്ള ശാസ്ത്രവും പൗർണ്ണമിക്കു് പ്രസക്തമാണു്.

★